DESPATCHED
On..30/4/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.1658, 1659 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 14832, 14826/SIC-G4/2021)**

**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഏപ്രിൽ 28

ശ്രീ.ജോസഫ് ടി.ടി.
തൈക്കാട്ടിൽ ഹൗസ്,
സുകൃതം, കൈപ്പറമ്പ് പി.ഒ
തൃശ്ശൂർ - 680 546 } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   കേരള വാട്ടർ അതോറിറ്റി,
   പി.എച്ച്. ഡിവിഷൻ, തൃശ്ശൂർ.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   വാട്ടർ വർക്സ് ഡിവിഷൻ,
   വടക്കാഞ്ചേരി, തൃശ്ശൂർ.

3. അപ്പീൽ അധികാരി,
   സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം,
   കേരള വാട്ടർ അതോറിറ്റി,
   പി.എച്ച്. ഡിവിഷൻ, തൃശ്ശൂർ.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 16.02.2022 തീയതി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരൻ 25.5.2021-ന് സമർപ്പിച്ച ഒന്നാം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കാത്തതുമായി ബന്ധപ്പെട്ട് മൂന്നാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണത്തിൽ പ്രസ്താവിച്ചത്, അപ്പീൽ അപേക്ഷയിലെ ചോദ്യം നമ്പർ 5 പ്രകാരം ആവശ്യപ്പെട്ട കരാറുകാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി 22.6.2021 തീയതിയിൽ പൊതുവിവരാവകാശ ഓഫീസർ വാട്ടർ വർക്സ് സബ് ഡിവിഷൻ തൃശ്ശൂർക്ക് കത്ത് നൽകിയിരുന്നുവെന്നും ആയതിൻപ്രകാരം 9.7.2021 തീയതിയിൽ ടി വിവരാവകാശ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നത് അത്തരത്തിലൊരു ഉത്തരവ് നിലവിലില്ലായെന്നും, തസ്തിക നിലവിലില്ലാത്ത അവസരത്തിൽ ജലവിതരണം തടസ്സപ്പെടാതെ നടക്കുന്നതിന് ആവശ്യമായി വരുന്ന ജോലിക്കാരെ നിയോഗിക്കുന്നത് കോൺട്രാക്ടർ വഴി 'ലേബർ സപ്ലൈ' വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെന്നും ഇതു കൈകാര്യം ചെയ്യുന്നതിന് വാട്ടർ അതോറിറ്റി MARCH (Monitoring Accounts and Reporting by Centralized HR system) എന്ന സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ടെന്നും, ലൈസൻസ്ഡ്

RIGHT TO INFORMATION

shi

കോൺട്രാക്ടർമാരെ ഈ സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുന്നു എന്നുമാണ്. ഇതുപ്രകാരം അപേക്ഷകന് മറുപടി നൽകിയാൽ അപേക്ഷകന് ഉള്ളടക്കം മനസ്സിലാക്കുവാൻ സാധിക്കുമോ എന്ന് ആശങ്ക വന്നതിനാൽ മേൽ മറുപടി അപേക്ഷകന് മനസ്സിലാകുന്നവിധത്തിൽ ലളിതമാക്കിത്തരുവാൻ തൃശ്ശൂർ വാട്ടർ വർക്സ്. വിവരാവകാശ ആഫീസറോട് വാക്കാൽ നിർദ്ദേശം നൽകിയെങ്കിലും ഗുരുവായൂർ, വടക്കാഞ്ചേരി വാട്ടർ അതോറിറ്റി. പി.എച്ച് സബ് ഡിവിഷൻ വിവരാവകാശ ഓഫീസർമാർ നൽകിയ ചോദ്യം നമ്പർ 5-നുള്ള മറുപടികളിൽ ഉൾക്കൊള്ളിച്ചിരുന്നത് 'വാട്ടർ അതോറിറ്റി ലൈസൻസുള്ള കരാറുകാരാണ് തൊഴിലാളികളെ വിതരണം ചെയ്യുന്നത് എന്നാണ്. എന്നാൽ ക്വൊട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്യുന്ന കരാറുകാർ മുഖേനയാണ് ജീവനക്കാരെ വിതരണം ചെയ്യുന്നത് എന്നതിനാൽ ഇതിനു പ്രത്യേകിച്ച് നിയമന ഉത്തരവൊന്നും കരാറുകാരന് നൽകാറില്ല' എന്നാണ് മറുപടി നൽകിയിരുന്നത്. ഈ മറുപടി മനസ്സിലായില്ല എന്നാണ് അപേക്ഷകന്റെ അപ്പീൽ അപേക്ഷയിൽ ചൂണ്ടിക്കാണിച്ചിരുന്നത്. ഇതായിരുന്നു തൃശ്ശൂർ വാട്ടർ വർക്സ് വിവരാവകാശ ആഫീസർക്ക് മറുപടി ലളിതമാക്കിത്തരുവാൻ നിർദ്ദേശം നൽകുവാനുണ്ടായ സാഹചര്യമെന്നും എന്നാൽ പരാതിക്കാരന് മനസ്സിലാകും എന്ന് ബോധ്യപ്പെടുന്ന തരത്തിൽ ഒരു മറുപടി വിവരാവകാശ ഓഫീസറിൽ നിന്നും ലഭിക്കാത്തതിനാലും ടി ആഫീസിലെ അമിത ജോലിഭാരവും, കോവിഡ് വ്യാപന സാഹചര്യത്തിൽ ജീവനക്കാരുടെ അഭാവം മൂലവുമാണ് അപേക്ഷകന്റെ അപ്പീൽ തീർപ്പാക്കുവാൻ സാധിക്കാതിരുന്നതെന്നും ഇതിനു മുൻപ് ഇതുപോലെ മറുപടി തീർപ്പാക്കുന്നതിൽ ഒരു കാലതാമസവും ടി ഓഫീസിൽ നിന്ന് ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ടി വീഴ്ച മനഃപൂർവ്വമല്ലാതെ സംഭവിച്ച തെറ്റാണെന്നും മാപ്പാക്കണമെന്നും 6 ക്ലാർക്കുമാരുടെ തസ്തികകൾ നിലനിന്നിരുന്ന ടി ഓഫീസിൽ അപ്പീൽ അപേക്ഷ നൽകിയിരുന്ന കാലയളവിൽ 2 പേർ മാത്രമാണ് ഉണ്ടായിരുന്നതെന്നും ഇവരിൽ ഒരാൾ മിക്ക ദിവസങ്ങളിലും അവധിയിലുമായിരുന്നുവെന്നും ജീവനക്കാരുടെ അഭാവം ടി ഓഫീസിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരുന്നുവെന്നും കോവിഡ് വ്യാപനം തടയുന്നതിന് പ്രത്യേക നിബന്ധനകൾ നിലവിലുണ്ടായിരുന്ന സാഹചര്യമായതിനാൽ ഒരു കൂടിക്കാഴ്ചയിലൂടെ അപേക്ഷകനെ കാര്യങ്ങൾ ബോധ്യപ്പെടുത്തുവാനും കഴിഞ്ഞിരുന്നില്ലെന്നും ആയതിനാൽ മേൽ വസ്തുതകൾ പരിഗണിച്ച് മനഃപൂർവ്വമല്ലാതെ വന്ന വീഴ്ച മാപ്പാക്കണമെന്നും ടിയാനെതിരെയുള്ള ശിക്ഷാനടപടി ഒഴിവാക്കണമെന്നുമാണ്.

ടി വിശദീകരണം പരിശോധിച്ചതിൽ ആയത് പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്നുമുള്ള കർശന നിർദ്ദേശം മൂന്നാം എതിർകക്ഷിക്ക് നൽകികൊണ്ടും അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ഇന്നേ ദിവസം 2022 ഏപ്രിൽ 28-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

Shi